LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിൽ നിന്നും പെൻഷൻപറ്റിയവർ

29 (4637) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ബോർഡിൽ നിന്നും എത്ര ജീവനക്കാർ പെൻഷൻപറ്റി പോയിട്ടുണ്ട് ;

(ബി) ഓരോ തസ്തികയിലും എത്ര ജീവനക്കാരെ സ്ഥിരമായി നിയമിച്ചിട്ടുണ്ട് ;

(സി) ഓരോ തസ്തികയിലും നിയമിച്ച താത്ക്കാലിക ജീവനക്കാർ എത്ര ;

(ഡി) കരാർ നിയമനങ്ങൾ നിർത്തിവെച്ചിട്ടുണ്ടോ ;

(ഇ) കരാർ നിയമനം പോലും നടത്താതിനാൽ ബോർഡിൽ അറ്റകുറ്റപ്പണികൾ പോലും തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ബോർഡിൽ നിന്നും 4119 പേർ പെൻഷൻപറ്റി പോയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി&ഇ) കരാർ നിയമനം നിർത്തിവച്ചതിനാൽ ബോർഡിൽ അറ്റകുറ്റപ്പണികൾ ഒന്നും തന്നെ തടസ്സപ്പെട്ടിട്ടില്ല.

പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ജലസമ്പത്ത് സംരക്ഷിക്കുവാനുള്ള തീവ്രബോധവൽക്കരണ നടപടി

30 (4638) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. കെ. രാധകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിയിൽ നിന്നും വിശേഷിച്ച് മഴമൂലം ലഭിക്കുന്ന ജലസമ്പത്ത് ഭൂരിഭാഗവും വർഷംതോറും പാഴായി പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രകൃതിസമ്പത്തിനെ സംരക്ഷിക്കുവാൻ ആവശ്യമായ ശാസ്ത്രീയ പഠനം നടത്തുവാൻ സർക്കാർ സന്നദ്ധമാവുമോ ;

(സി) ഗ്രാമങ്ങളിൽ നിലനിന്നിരുന്നതും നിലനിർത്തുന്നതുമായ കുളങ്ങളും തോടുകളും ചാനലുകളുമെല്ലാം നികത്താതെ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ജലസമ്പത്ത് സംരക്ഷിക്കുവാനുള്ള തീവ്രബോധവൽക്കരണ പരിപാടിക്ക് സർക്കാർ രൂപം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ജലസമ്പത്ത് സംരക്ഷിക്കുന്നതിനായി പര്യവേഷണം നടത്തി പദ്ധതികൾ ജലസേചന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏജൻസികൾ വഴിയും ജലസേചന വകുപ്പ് പഠനം നടത്തി വരുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയും ഭൂജലവകുപ്പും പഠനം നടത്തി മഴവെള്ള സംരക്ഷണത്തിനായി വിവിധ പദ്ധതികൾ ഇപ്പോൾത്തന്നെ നടത്തി വരുന്നുണ്ട്.

(സി) ഇത്തരം ബോധവൽക്കരണ പരിപാടികൾ കൂടി ഉൾക്കൊള്ളുന്നതാണ് സെക്ടർ റിഫോംസ് പദ്ധതിയനുസരിച്ചും ലോകബാങ്ക് സഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴിയും നടപ്പാക്കുന്ന പദ്ധതികൾ.

സംസ്ഥാനത്തെ നദീജലം പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ

31 (4839) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദീജലം പൂർണ്ണമായും സംസ്ഥാനത്തെ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനായി ഏതെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ദേശീയ ജലനയം രൂപീകരിക്കുമ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അന്തർസംസ്ഥാന നദീജല കരാറുകൾ ട്രൈബ്യൂണലുകളിലും കേന്ദ്ര സർക്കാരിന്റെ മുമ്പിലും പരിഗണനയ്ക്ക് വരുമ്പോൾ കേരളത്തിന്റെ ആവശ്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ). ഇല്ല.

(ബി) 1998-ൽ രൂപീകരിച്ച കരട് ദേശീയ ജലനയരേഖയിലും പല നിർദ്ദേശങ്ങളോടും സംസ്ഥാന സർക്കാർ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. 2000-ജൂലായ് മാസത്തിൽ പ്രധാനമന്ത്രി വിളിച്ചു കൂട്ടിയ ദേശീയ ജലവിഭവ കൗൺസിൽ യോഗത്തിലും എൻ. ഡബ്ല്യു.ഡി.എ.യുടെ വിവിധ മീറ്റിംഗുകളിലും ദേശീയ ജലനയത്തിന്മേലുള്ള സർക്കാരിന്റെ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ദീർഘദൂര നദീജലമാറ്റത്തിനോട് ശക്തിയുക്തം എതിർക്കുന്നതിനാൽ കരട് ദേശീയ ജലനയരേഖയിൽ പറഞ്ഞിരിക്കുന്ന പല നിർദ്ദേശങ്ങളും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരാണെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly